ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 17.04.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. വനിതാ സംവരണ ഭേദഗതി ബില്ലിന്മേലുള്ള ചർച്ച ലോക്സഭയിൽ ഇന്നും തുടരും. നയരൂപീകരണത്തിൽ വനിതകൾക്ക് അർഹമായ പ്രാതിനിധ്യം നൽകേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **The discussion on the Women's Reservation Amendment Bill will continue in the Lok Sabha today. Prime Minister Narendra Modi said that it is the need of the time to ensure women receive adequate representation in policymaking.**

2. മണ്ഡല പുനർ നിർണ്ണയത്തിന് ശേഷവും സംസ്ഥാനങ്ങളുടെ ലോക്സഭയിലെ പ്രാതിനിധ്യ അനുപാതത്തിൽ മാറ്റം വരില്ലെന്ന് കേന്ദ്ര മന്ത്രി കിരൺ റിജിജു.

   **Union Minister Kiren Rijiju said that even after the delimitation process, there will be no change in the proportional representation of states in the Lok Sabha.**

3. പ്രധാനമന്ത്രി നരേന്ദ്ര മോദിയും ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോണും ടെലഫോൺ സംഭാഷണം നടത്തി. പശ്ചിമേഷ്യൻ സാഹചര്യങ്ങൾ ഇരുവരും വിലയിരുത്തി.

   **French President Emmanuel Macron call Prime Minister Modi to discuss West Asia situation.**

4. ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ പശ്ചിമേഷ്യൻ സംഘർഷങ്ങൾക്കിടയിലും ശക്തമായ പാതയിലാണെന്ന് അന്താരാഷ്ട്ര നാണയ നിധി.

   **The International Monetary Fund stated that the Indian economy remains on a strong path despite conflicts in West Asia.**

5. ലെബനനിൽ ഇസ്രയേൽ പത്ത് ദിവസത്തെ വെടിനിർത്തൽ പ്രഖ്യാപിച്ചു. പശ്ചിമേഷ്യയിൽ സമാധാന നീക്കങ്ങൾ തുടരുന്നു.

**Israel has announced a ten-day ceasefire in Lebanon. Peace efforts continue in West Asia.**

6. കേരളത്തിൽ കനത്ത ചൂട് തുടരുന്നു. ഞായറാഴ്ച വരെ 12 ജില്ലകളിൽ താപനില 4 ഡിഗ്രി സെൽഷ്യസ് വരെ ഉയരാൻ സാധ്യത.

**Severe heat continues in Kerala. Day Temperature in 12 districts are likely to rise up to 4 degrees Celsius until Sunday.**

**&&&&&&&&&&&&&&&&&**

## PARLIAMENT (INTRO)

വനിതാ സംവരണ ഭേദഗതി ബില്ലിന്മേലുള്ള ചർച്ച ലോക്സഭയിൽ ഇന്നും തുടരും. ബിൽ പാസാക്കുന്നതിനായി പാർലമെൻറിൻറെ മൂന്ന് ദിവസത്തെ പ്രത്യേക സമ്മേളനമാണ് ചേരുന്നത്. ബിൽ അവതരണം ചരിത്രനിമിഷമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി വിശേഷിപ്പിച്ചു. രാഷ്ട്ര വികസനത്തിൽ നാരീശക്തി നിർണായക പങ്ക് വഹിക്കുന്നുണ്ടെന്നും നയരൂപീകരണത്തിൽ വനിതകൾക്ക് അർഹമായ പ്രാതിനിധ്യം നൽകേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്നും പ്രധാനമന്ത്രി പറഞ്ഞു. ലോക്സഭയിൽ ബില്ലിന്മേലുള്ള ചർച്ചയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. (വോയിസ്)

ഈ നിയമ നിർമ്മാണത്തിന് രാഷ്ട്രീയ നിറം നൽകരുതെന്നും പ്രധാനമന്ത്രി പ്രതിപക്ഷ പാർട്ടികളോട് അഭ്യർത്ഥിച്ചു. ലോക്സഭയിലും സംസ്ഥാന നിയമസഭകളിലും സ്ത്രീകൾക്ക് 33 ശതമാനം സംവരണം കൊണ്ടുവരുന്നതുമായി ബന്ധപ്പെട്ട് മൂന്ന് ബില്ലുകളാണ് ലോക്സഭയിൽ അവതരിപ്പിച്ചത്. ബില്ലിന്മേലുള്ള ചർച്ചയ്ക്ക് കേന്ദ്ര മന്ത്രി അമിത് ഷാ ഇന്ന് മറുപടി നൽകും.

**&&&&&&&&&&&&&&&&&**

## BILL - RIJIJU

മണ്ഡല പുനർ നിർണ്ണയത്തിന് ശേഷവും വിവിധ സംസ്ഥാനങ്ങളുടെ ലോക്സഭയിലെ പ്രാതിനിധ്യ അനുപാതത്തിൽ

മാറ്റം വരില്ലെന്ന് കേന്ദ്ര പാർലമെന്ററി കാര്യ മന്ത്രി കിരൺ റിജിജു. രാജ്യത്തെ ജനസംഖ്യ 140 കോടി കടന്ന സാഹചര്യത്തിൽ സീറ്റുകളുടെ വർദ്ധന അനിവാര്യമാണെന്നും അദ്ദേഹം പറഞ്ഞു. പുതിയ കണക്കുകൾ പ്രകാരം കേരളത്തിലെ ലോക്സഭാ സീറ്റുകൾ നിലവിലെ 20-ൽ നിന്ന് 30 ആയി ഉയരും. തമിഴ്നാടിന് 59 സീറ്റുകളും , കർണ്ണാടകയ്ക്ക് 42 സീറ്റുകളും ലഭിക്കും. ആന്ധ്രാപ്രദേശിന് 38 സീറ്റുകളും തെലങ്കാനയ്ക്ക് 26 സീറ്റുകളും ഉണ്ടാകും. അഞ്ച് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെയും ആകെ ലോക്സഭാ സീറ്റ് വിഹിതം 24 ശതമാനമായി തുടരുമെന്നും ശ്രീ. കിരൺ റിജിജു അറിയിച്ചു.

&&&&&&&&&&&&&&&

**PM AUSTRIA**

പ്രധാനമന്ത്രി നരേന്ദ്ര മോദി ഓസ്ട്രിയൻ ചാൻസലർ ഡോ. ക്രിസ്റ്റ്യൻ സ്റ്റോക്കറുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. കൂടിക്കാഴ്ചയ്ക്കിടെ ഭക്ഷ്യസുരക്ഷ, പ്രതിരോധ സഹകരണം, ഭീകര വിരുദ്ധ പ്രവർത്തനം എന്നീ മേഖലകളിലുൾപ്പെടെ നിരവധി കരാറുകളും രേഖകളും ഇരു രാജ്യങ്ങളും കൈമാറി. അടിസ്ഥാന സൗകര്യ വികസനം, നൂതനാശയം, സുസ്ഥിരത എന്നീ മേഖലകളിൽ ഇന്ത്യയും ഓസ്ട്രിയയും വിശ്വസ്ത പങ്കാളികളാണെന്ന് തുടർന്ന് നടന്ന സംയുക്ത വാർത്താ സമ്മേളനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു.

&&&&&&&&&&&&&&&

**SIBI GEORGE (INTRO)**

ഇന്ത്യയുടെ വിലപ്പെട്ട പങ്കാളിയാണ് ഓസ്ട്രിയയെന്ന് വിദേശകാര്യ മന്ത്രാലയ സെക്രട്ടറി സിബി ജോർജ്ജ്. ഓസ്ട്രിയൻ ഫെഡറൽ ചാൻസലറുടെ ഇന്ത്യാ സന്ദർശനവുമായി ബന്ധപ്പെട്ടാണ് പ്രതികരണം. പരസ്പര താൽപ്പര്യമുള്ള പ്രധാന മേഖലകളിൽ സഹകരണം വർധിപ്പിക്കാൻ ഇരു രാജ്യങ്ങളും പ്രതിജ്ഞാബദ്ധമാണെന്ന് അദ്ദേഹം ന്യൂഡൽഹിയിൽ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

**(ഹോൾഡ് വോയ്സ്)**

&&&&&&&&&&&&&&&&

**MODI-MACRON**

പ്രധാനമന്ത്രി നരേന്ദ്ര മോദിയും ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോണും ടെലഫോണിൽ ചർച്ച നടത്തി. പശ്ചിമേഷ്യയിലെ സാഹചര്യങ്ങൾ വിലയിരുത്തിയതായി പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ അറിയിച്ചു. ഹോർമുസ് കടലിടുക്കിൽ സുരക്ഷിതമായ കപ്പൽഗതാഗതം അടിയന്തരമായി പുനഃസ്ഥാപിക്കേണ്ടതിന്റെ ആവശ്യകത ഇരുവരും എടുത്തുപറഞ്ഞു. മേഖലയിലും ആഗോളതലത്തിലും സമാധാനവും സ്ഥിരതയും നിലനിർത്തുന്നതിനായി ഇരുരാജ്യങ്ങളും തമ്മിലുള്ള സഹകരണം ശക്തമായി തുടരാൻ തീരുമാനിച്ചതായും പ്രധാനമന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&&

**GOYAL - SOUTH KOREA**

കേന്ദ്രമന്ത്രി പിയൂഷ് ഗോയൽ ദക്ഷിണ കൊറിയൻ വ്യാപാര മന്ത്രി യോ ഹാൻ-കൂവുമായി വെർച്വൽ കൂടിക്കാഴ്ച നടത്തി. ഇന്ത്യയും ദക്ഷിണ കൊറിയയും തമ്മിലുള്ള ഉഭയകക്ഷി സാമ്പത്തിക സഹകരണം ശക്തിപ്പെടുത്തുന്നതിനെക്കുറിച്ച് ഇരുവരും ചർച്ച ചെയ്തതായി ശ്രീ.പിയൂഷ് ഗോയൽ സമൂഹമാധ്യമത്തിൽ കുറിച്ചു. വ്യാപാര-നിക്ഷേപ ബന്ധങ്ങൾ കൂടുതൽ ആഴത്തിലാക്കാൻ ഇരുരാജ്യങ്ങളും പ്രതിജ്ഞാബദ്ധമാണെന്ന് അദ്ദേഹം വ്യക്തമാക്കി.

&&&&&&&&&&&&&&&&

**TN - WB ELECTION**

നിയമസഭാ തിരഞ്ഞെടുപ്പ് നടക്കുന്ന തമിഴ്നാട്ടിലും പശ്ചിമ ബംഗാളിലും പ്രചാരണം ഊർജിതം. ഇരു സംസ്ഥാനങ്ങളിലും ഈ മാസം 23 നാണ് വോട്ടെടുപ്പ്. രണ്ട് ഘട്ടമായി വോട്ടെടുപ്പ് നടക്കുന്ന പശ്ചിമബംഗാളിൽ ആദ്യഘട്ടത്തിൽ 152 മണ്ഡലങ്ങളിലാണ് വിധിയെഴുതുന്നത്. രണ്ടാം ഘട്ട പോളിംഗ് ഈ മാസം 29 ന് നടക്കും.

&&&&&&&&&&&&&&&&

**IMF CHIEF-INDIA**

സംഘർഷ സാഹചര്യങ്ങൾക്കിടയിൽ ആഗോള സാമ്പത്തിക വളർച്ച മന്ദഗതിയിലാകുമ്പോഴും ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥ

ശക്തമായി നിലകൊള്ളുന്നതായി അന്താരാഷ്ട്ര നാണയ നിധി മേധാവി ക്രിസ്റ്റലീന ജോർജിയേവ. ഐഎംഎഫ് വസന്തകാല യോഗങ്ങളോടനുബന്ധിച്ചു നടന്ന വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അവർ. രാജ്യത്തിന്റെ ശക്തമായ സാമ്പത്തിക അടിത്തറ മിക്ക സമ്പദ്‌വ്യവസ്ഥകളെക്കാളും മികച്ച പ്രകടനം കാഴ്ചവെക്കാൻ ഇന്ത്യയെ സഹായിക്കുന്നുണ്ടെന്നും ഇന്ത്യയുടെ വളർച്ചാ നിരക്ക് ശരാശരി ആഗോള വളർച്ചയുടെ ഇരട്ടിയിലധികമാണെന്നും അവർ വ്യക്തമാക്കി.

&&&&&&&&&&&&&&&

**MANN KI BAAT**

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കീ ബാത്തിലേക്ക് ഈ മാസം 24 വരെ ജനങ്ങൾക്ക് അഭിപ്രായങ്ങൾ പങ്കുവയ്ക്കാം. 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെയോ നരേന്ദ്ര മോദി ആപ്പിലൂടെയോ MY GOV ഓപ്പൺ ഫോറം വഴിയോ ആണ് നിർദേശങ്ങൾ പങ്കുവെയ്ക്കേണ്ടത്. മൻ കീ ബാത്തിന്റെ 133-ാം പതിപ്പ് ഈ മാസം 26-ന് ദൂരദർശനിലും ആകാശവാണിയിലും ലഭ്യമാകും.

&&&&&&&&&&&&&&&

**IPL**

ഐപിഎൽ ക്രിക്കറ്റിൽ മുംബൈ ഇന്ത്യൻസിനെതിരെ പഞ്ചാബ് കിങ്സിന് ഏഴ് വിക്കറ്റ് വിജയം. 196 റൺസ് വിജയലക്ഷ്യം പിന്തുടർന്ന പഞ്ചാബ്, 21 പന്തു ബാക്കിനിൽക്കെ ലക്ഷ്യം കണ്ടു. 39 പന്തിൽ 80 റൺസ് നേടിയ പ്രഭ് സിമ്രാൻ സിംഗിന്റെ വെടിക്കെട്ട് ബാറ്റിംഗാണ് പഞ്ചാബിന് വിജയം അനായാസമാക്കിയത്. ഇന്ന് രാത്രി 7.30-ന് അഹമ്മദാബാദിലെ നരേന്ദ്ര മോദി സ്റ്റേഡിയത്തിൽ ഗുജറാത്ത് ടൈറ്റൻസ് കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ നേരിടും.

&&&&&&&&&&&&&&&

**ISRAEL-LEBANON CEASEFIRE (INTRO)**

പശ്ചിമേഷ്യയിൽ സമാധാനത്തിനായി നയതന്ത്രനീക്കങ്ങൾ ഊർജിതമായി തുടരുന്നു. ലെബനനിൽ ഇസ്രയേൽ പത്ത് ദിവസത്തെ വെടിനിർത്തൽ പ്രഖ്യാപിച്ചു. അമേരിക്കയും ഇറാനും

തമ്മിലുള്ള രണ്ടാം റൗണ്ട് സമാധാനചർച്ച ഉടൻ നടക്കുമെന്ന് റിപ്പോർട്ടുണ്ട്.

**വിശദാംശങ്ങളിലേക്ക്....**

**(വോയ്സ്..)**

**&&&&&&&&&&&&&&&&**

**ISRAEL-LEBANON CEASEFIRE (VOICE)**

ഇസ്രായേലും ലെബനനും തമ്മിൽ പത്തുദിവസത്തെ താൽക്കാലിക വെടിനിർത്തലിന് ധാരണയായതായി അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപാണ് പ്രഖ്യാപിച്ചത്. വാഷിംഗ്ടണിൽ ഇരുരാജ്യങ്ങളിലെയും നയതന്ത്ര പ്രതിനിധികൾ തമ്മിൽ നടത്തിയ നേരിട്ടുള്ള ചർച്ചകളാണ് വെടിനിർത്തലിലേക്ക് വഴിതുറന്നത്. 1983-ന് ശേഷം ഇരുരാജ്യങ്ങളും തമ്മിൽ നടന്ന ഏറ്റവും നിർണ്ണായകമായ ചർച്ചയാണിത്. ഇസ്രയേൽ പ്രധാനമന്ത്രി ബെന്യമിൻ നെതന്യാഹുവും ലെബനൻ പ്രസിഡന്റ് ജോസഫ് ഔണുമായും ട്രംപ് സംസാരിച്ചു. വെടിനിർത്തൽ അംഗീകരിച്ചെങ്കിലും തെക്കൻ ലെബനനിൽ ഇസ്രയേൽ സൈന്യം തുടരുമെന്ന് ബെന്യമിൻ നെതന്യാഹു വ്യക്തമാക്കി. ഹിസ്ബുള്ളയെ നിരായുധരാക്കുമെന്ന് ലെബനൻ അറിയിച്ചു. മാർച്ച് രണ്ടിന് തുടങ്ങിയ യുദ്ധത്തിൽ ലെബനനിൽ ഇതുവരെ 2,100 പേരാണ് കൊല്ലപ്പെട്ടത്. പത്തുലക്ഷത്തോളം പേർ പലായനം ചെയ്തതായാണ് റിപ്പോർട്ട്. പാകിസ്ഥാന്റെ മധ്യസ്ഥതയിൽ നടന്ന ആദ്യ ചർച്ച പരാജയപ്പെട്ടതിനെ തുടർന്നാണ് ഇസ്ലാമാബാദിൽ അമേരിക്കയും ഇറാനും തമ്മിലുള്ള രണ്ടാംറൗണ്ട് ചർച്ചകൾക്ക് വഴിയൊരുങ്ങുന്നത്. സമാധാന നീക്കങ്ങൾ തുടരുമ്പോഴും ഹോർമുസ് കടലിടുക്കിൽ അനിശ്ചിതത്വം തുടരുകയാണ്. ഇറാൻ തുറമുഖങ്ങളിൽ നിന്നുള്ള കപ്പലുകൾക്ക് അമേരിക്ക ഏർപ്പെടുത്തിയ നാവിക ഉപരോധം വ്യാപാര മേഖലയെ ബാധിച്ചു. സംഘർഷം ആഗോള സാമ്പത്തിക രംഗത്ത് കനത്ത പ്രത്യാഘാതങ്ങൾ ഉണ്ടാക്കുമെന്ന് അന്താരാഷ്ട്ര നാണയനിധി മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

**ന്യൂസ് ഡെസ്ക് ആകാശവാണി....**

**&&&&&&&&&&&&&&&&**

## HEAT

കേരളത്തിൽ കടുത്ത ചൂട് തുടരുന്നു. ഞായറാഴ്ച വരെ 12 ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഉയർന്ന താപനില മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ചിലയിടങ്ങളിൽ ഉഷ്ണ തരംഗത്തിനു സമാനമായ സാഹചര്യമാണു നിലനിൽക്കുന്നത്. ഇടുക്കി, വയനാട് ഒഴികെയുള്ള ജില്ലകളിൽ യെല്ലോ അലർട്ട് പ്രഖ്യാപിച്ചു. ഈ ജില്ലകളിൽ താപനില 2 മുതൽ 4 ഡിഗ്രി സെൽഷ്യസ് വരെ ഉയരാൻ സാധ്യതയുണ്ട്. പാലക്കാട് ജില്ലയിലാണ് ഏറ്റവും കൂടുതൽ ചൂട് രേഖപ്പെടുത്തിയത്. 40 ഡിഗ്രി സെൽഷ്യസ്. അൾട്രാവയലറ്റ് സൂചിക ഉയർന്നു നിൽക്കുന്നത് ത്വക്ക് രോഗങ്ങൾക്കും നേത്രരോഗങ്ങൾക്കും മറ്റ് ആരോഗ്യ പ്രശ്നങ്ങൾക്കും കാരണമായേക്കാം.

&&&&&&&&&&&&&&&&&&&&&&&&

## KOLLAM – KSEB LINEMAN – SUNBURN

കൊല്ലം പുനലൂരിൽ ജോലിക്കിടെ കെ.എസ്.ഇ.ബി. ലൈൻമാന് സൂര്യതപമേറ്റു. ആശുപത്രി ജംഗ്ഷന് സമീപം ഇലക്ട്രിക് ലൈൻ പരിശോധിക്കുന്നതിനിടെയാണ് കുണ്ടറ സ്വദേശി പത്മകുമാറിന് മുതുകത്തും കയ്യിലും സൂര്യാതപമേറ്റത്.

&&&&&&&&&&&&&&&&&&&&&&&&

## SIR – BLO

സംസ്ഥാനത്ത് എസ്ഐ ആറിൻറെ ഭാഗമായി ബൂത്ത് ലെവൽ ഓഫീസർമാർക്ക് സ്പെഷ്യൽ ഇൻസെൻറീവ് ആയി 2,000 രൂപ നൽകാനാണ് തിരഞ്ഞെടുപ്പ് കമ്മിഷൻറെ നിർദ്ദേശമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ ഓഫീസ് അറിയിച്ചു. കേരളത്തിൽ തുക കുറച്ചാണ് അനുവദിച്ചതെന്ന പരാതികളെ തുടർന്നാണ് കമ്മീഷൻറെ വിശദീകരണം.

&&&&&&&&&&&&&&&&&&&&&&&&

**BDS STUDENT – NITIN RAJ**

കണ്ണൂർ അഞ്ചരക്കണ്ടി ഡെന്റൽ കോളേജിലെ ഒന്നാംവർഷ ബി.ഡി.എസ്. വിദ്യാർഥി നിതിൻ രാജിന്റെ മരണത്തിൽ ആരോപണവിധേയനായ പാതോളജി വിഭാഗം തലവൻ ഡോ. എം.കെ.റാമിനെ കോളജിൽ നിന്ന് പുറത്താക്കി. കോളേജിലെ വിവിധ വിഭാഗങ്ങളുടെ തലവന്മാരുടെ യോഗത്തിലാണ് ഈ തീരുമാനം കൈക്കൊണ്ടത്. കോളേജിൽ നിന്ന് നേരത്തേ സസ്പെൻഡ് ചെയ്തെങ്കിലും കടുത്ത നടപടി വേണമെന്നാവശ്യപ്പെട്ട് വിദ്യാർഥികളും വിവിധ സംഘടനകളും രംഗത്ത് വന്നിരുന്നു.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&